I ഇ.ബി. XIV - കേരള നിയമസഭ /IV-13

**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 മാർച്ച് 14, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

(09.03.2017-ന് മുഖ്യമന്ത്രി നടത്തിയ പരാമർശവുമായി ബന്ധപ്പെട്ട് 13.03.2017-ന് ചെയർ നൽകിയ റൂളിംഗിനെ സംബന്ധിച്ച് ശ്രീ. കെ. സി. ജോസഫ് എം.എൽ.എ. സഭയിൽ ഉന്നയിക്കുകയും സഭ പിന്തുടർന്നുവരുന്ന കീഴ്വഴക്കങ്ങൾ പരിശോധിച്ചശേഷം മറുപടി നൽകുന്നതാണെന്ന് ചെയർ അറിയിക്കുകയും ചെയ്തു.)

## I അടിയന്തരപ്രമേയം

താനൂരിലെ അക്രമ സംഭവം

മി. സ്പീക്കർ: മലപ്പുറം ജില്ലയിലെ താനൂരിൽ കഴിഞ്ഞ രണ്ട് ദിവസമായി പോലീസും സി.പി.എം. അക്രമി സംഘവും ചേർന്ന് നടത്തിയ തേർവാഴ്ചയിൽ നിരവധി വാഹനങ്ങളും വീടുകളും മത്സ്യബന്ധന ഉപകരണങ്ങളും തീവച്ച് നശിപ്പിക്കുകയും മുസ്ലീംലീഗ്-കോൺഗ്രസ് പ്രവർത്തകരെ ആക്രമിക്കുകയും വീടുകൾ കയറി നടത്തിയ അതിക്രമങ്ങൾമൂലം നിരവധിയാളുകൾ സ്ഥലത്തുനിന്നും പലായനം ചെയ്യുകയും അക്രമം നിയന്ത്രിക്കാതെ അക്രമികളുടെ കൂട്ടാളികളായി പോലീസ് മാറുകയും ചെയ്ത അതീവ ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച

ചെയ്യണമെന്നാവശ്യപ്പെട്ട് സർവശ്രീ എൻ. ഷംസുദ്ദീൻ, എ. പി. അനിൽ കുമാർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

(പ്രസ്തുത വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മണ്ഡലം എം.എൽ.എ. ശ്രീ. വി. അബ്ദുറഹിമാൻ സബ്മിഷന് നോട്ടീസ് നൽകിയിട്ടുണ്ട്.)

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): താനൂർ മുനിസിപ്പാലിറ്റിയിൽ ചാപ്പപ്പടി തീരദേശ മേഖലയിൽ 2016-ലെ നിയമസഭാ തെരഞ്ഞെടുപ്പിനുശേഷം ഇടയ്ക്കിടെ രാഷ്ട്രീയ സംഘർഷം ഉണ്ടാകുന്നുണ്ട്. 11-03-2017-ന് താനൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ പണ്ടാര കടപ്പുറത്തുവച്ച് സി.പി.എം. പ്രവർത്തകനായ നൗഫലിന്റെ തലയിൽ കെട്ടിയ ചുവന്ന മുണ്ട് മുസ്ലീംലീഗ് പ്രവർത്തകർ അഴിപ്പിച്ചതിനെ തുടർന്ന് സംഘർഷമുണ്ടാകുകയും കടപ്പുറത്തുണ്ടായിരുന്ന വലകളും ഷെഡ്ഡുകളും വാഹനങ്ങളും കത്തിനശിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണീർ വാതകവും ലാത്തിപ്രയോഗവും നടത്തി സ്ഥലത്ത് കൂടിനിന്ന 500-ഓളംപേരെ പോലീസ് പിരിച്ചുവിടുകയും താനൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് 31 പേരെ കസ്റ്റഡിയിൽ എടുക്കുകയും ചെയ്തിട്ടുണ്ട്. ഡിപ്പാർട്ട്മെന്റ് വാഹനത്തിനും

ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥന്റെ സ്വകാര്യ വാഹനത്തിനും അക്രമത്തിൽ കേടുപാട് സംഭവിക്കുകയും കല്ലേറിൽ തിരൂർ, താനൂർ പോലീസ് സ്റ്റേഷനുകളിലെ ഇൻസ്പെക്ടർമാർ, എസ്.ഐ. എന്നിവരുൾപ്പെടെ 12 പോലീസ് ഉദ്യോഗസ്ഥർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. തിരൂർ ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ 200-ഓളം പോലീസുകാരെ സംഭവ സ്ഥലത്ത് നിയോഗിച്ചിട്ടുണ്ട്. ഉത്തരമേഖലാ ഡി.ജി.പി., മലപ്പുറം ജില്ലാ പോലീസ് മേധാവി എന്നിവരുടെ നേതൃത്വത്തിൽ ജനജീവിതം സാധാരണ നിലയിലാക്കി സമാധാനാന്തരീക്ഷം നിലനിർത്തുന്നതിന് മുൻകയ്യെടുത്തുവരികയാണ്. ഇടയ്ക്കിടെയുണ്ടാകുന്ന സംഘർഷം കണക്കിലെടുത്ത് പ്രത്യേക കൺട്രോൾ റൂം സ്ഥാപിക്കാനും കൂടുതൽ പോലീസ് സേനയെ നിയോഗിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംഭവവുമായി ബന്ധപ്പെട്ട് 16 പേരെ പ്രിവന്റീവ് അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രതികൾക്കെതിരെ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: താനൂരിൽ നടന്ന പോലീസ് അതിക്രമത്തിൽ മത്സ്യബന്ധന ഉപകരണങ്ങളും വാഹനങ്ങളും വീടുകളും തകർന്നിരിക്കുകയാണ്. പോലീസിന്റെ നരനായാട്ട് നിമിത്തം പ്രദേശത്തെ സ്ത്രീകളും

കുട്ടികളുമുൾപ്പെടെയുള്ളവർ നാട്ടിൽനിന്ന് പലായനം ചെയ്യുന്ന സ്ഥിതിയാണുള്ളത്. ഇക്കഴിഞ്ഞ ഞായറാഴ്ച രാത്രി കുഞ്ഞിച്ചന്റെപുരയ്ക്കൽ സൈന എന്ന ലീഗ് പ്രവർത്തകയുടെ വീട് സി.പി.എം. പ്രവർത്തകർ പെട്രോൾ ബോംബ് എറിഞ്ഞ് തകർക്കുകയുണ്ടായി. വീട്ടിൽ ആരുമില്ലാതിരുന്നതിനാലാണ് ആളപായമുണ്ടാകാതിരുന്നത്. സംഭവ സ്ഥലത്ത് തടിച്ചുകൂടിയവരെ മാറ്റാനുള്ള ശ്രമത്തിനിടയിൽ തർക്കമുണ്ടായതിനെ തുടർന്ന് പോലീസ് ആകാശത്തേയ്ക്ക് വെടിവയ്ക്കുകയുണ്ടായി. തുടർന്ന് പോലീസ് കണ്ണിൽ കണ്ടവരെയെല്ലാം മനുഷ്യത്വരഹിതമായി തല്ലുകയും വീടുകളിൽ കയറി സ്ത്രീകളും കുട്ടികളുമുൾപ്പെടെയുള്ളവരെ ഉപദ്രവിക്കുകയും അക്രമിസംഘത്തോടൊപ്പം ചേർന്ന് വസ്തുവകകൾക്ക് നാശനഷ്ടമുണ്ടാക്കുകയും ചെയ്തു. പത്രങ്ങളിലടക്കം പോലീസിന്റെ അക്രമം സംബന്ധിച്ച് വാർത്തകൾ വന്നിട്ടുണ്ട്. താനൂരിൽ പോലീസ് നടത്തിയ അക്രമങ്ങളെക്കുറിച്ച് സർക്കാർ വിശദമായി അന്വേഷിക്കണം. പോലീസ് കസ്റ്റഡിയിലെടുത്ത നിരപരാധികളെക്കുറിച്ച് യാതൊരു വിവരവുമില്ല. ഗർഭിണികളും കുട്ടികളുമടക്കമുള്ളവർ ആക്രമിക്കപ്പെട്ട ഈ സംഭവം ഗൗരവമായി കാണണം. എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് പഠിക്കുന്ന കുട്ടികളെയും പോലീസ് ക്രൂരമായി മർദ്ദിച്ചു. യാതൊരു വിധത്തിലുള്ള

രാഷ്ട്രീയ സംഘർഷങ്ങളുമില്ലാത്ത പ്രദേശങ്ങളിലെ ജനങ്ങളെയും പോലീസ് ക്രൂരമായി വേട്ടയാടിയിരിക്കുകയാണ്. സംഘർഷം ഇല്ലാതാക്കാൻ പോലീസ് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അക്രമികളെ സഹായിക്കുന്ന ഏകപക്ഷീയമായ നിലപാട് സ്വീകരിച്ച താനൂർ, തിരൂർ സി.ഐ.-മാർക്കെതിരെയും എസ്.ഐ.-മാർക്കെതിരെയും നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താനൂർ തീരപ്രദേശങ്ങളിൽ ഏതാനും മാസങ്ങളായി ഗുണ്ടാ പ്രവർത്തനം നടക്കുകയാണ്. സി.പി.ഐ.(എം.) പ്രവർത്തകരെ തെരഞ്ഞുപിടിച്ച് അക്രമങ്ങൾ നടത്തുന്ന സമീപനമാണ് മുസ്ലീംലീഗ് തുടർന്നുവരുന്നത്. കഴിഞ്ഞ രണ്ടുദിവസംമുമ്പ് താനൂരിൽ എട്ടോളം വീടുകൾ അടിച്ചുതകർത്ത് അക്രമം അഴിച്ചുവിട്ടിരിക്കുകയാണ്. കഴിഞ്ഞ നാല് മാസങ്ങളായി താനൂരിൽ നടന്ന അക്രമങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരണം.

(ശ്രീ. വി. അബ്ദുറഹിമാൻ, എം.എൽ.എ.-യുടെ പരാമർശത്തിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളംവയ്ക്കുകയും

അല്പസമയത്തിനുശേഷം അവരവരുടെ സീറ്റുകളിലേയ്ക്ക് തിരികെപ്പോകുകയും ചെയ്തു.)

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): മണ്ഡലത്തിലുള്ള സംഭവങ്ങൾ അവതരിപ്പിക്കാൻ ബന്ധപ്പെട്ട എം.എൽ.എ.-മാർക്ക് ചെയർ അനുവാദം നൽകാറുണ്ട്. താനൂർ എം.എൽ.എ. അദ്ദേഹത്തിന്റെ മണ്ഡലത്തിലുണ്ടായതും മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തതുമായ അക്രമസംഭവങ്ങൾ വിവരിച്ചതിൽ പ്രതിപക്ഷം അസഹിഷ്ണുത പ്രകടിപ്പിക്കേണ്ടതില്ല. പ്ലസ് ടു-വിന് പഠിക്കുന്ന കുട്ടിയെ റോഡിൽ അപമാനിച്ചതും എട്ടോളം വീടുകൾ അടിച്ചുതകർത്തതും നടന്ന സംഭവങ്ങളാണ്. നിരന്തരമായി അക്രമം അഴിച്ചുവിടുന്ന സംഭവമാണ് ബഹുമാനപ്പെട്ട താനൂർ അംഗം പരാമർശിച്ചത്. നിയമസഭയിൽ പാലിക്കേണ്ട മര്യാദകൾ പലപ്പോഴും പ്രതിപക്ഷം കാണിക്കാറില്ലെന്നതിന് ഉദാഹരണമാണ് സ്പീക്കറുടെ നേരെയുണ്ടായ വെല്ലുവിളികളും മുദ്രാവാക്യങ്ങളും. ഇതൊന്നും അംഗീകരിക്കാൻ കഴിയില്ല. ബഹുമാന്യനായ അംഗം അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ട് സംസാരിച്ചപ്പോൾത്തന്നെ താനൂരിൽ രാഷ്ട്രീയ സംഘർഷമുണ്ടെന്ന് പറഞ്ഞു. കഴിഞ്ഞ തെരഞ്ഞെടുപ്പ് ഘട്ടത്തിലാണ് അവിടെ രാഷ്ട്രീയ സംഘർഷമാരംഭിച്ചത്. അതിൽ ഇടപെടുന്ന

പോലീസിനുനേരെ കയ്യേറ്റമുണ്ടാകുന്നത് ശരിയല്ല. പോലീസ് നിഷ്പക്ഷമായ നിലപാട് സ്വീകരിക്കുകയും അക്രമ സംഭവങ്ങളിൽ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യും. സമാധാനപരമായ അന്തരീക്ഷം കലുഷിതമാക്കാൻ ശ്രമിക്കുന്നവരെ തള്ളിപ്പറയാനുള്ള ആർജ്ജവം കാണിക്കണം. ഒരുതരത്തിലുള്ള അക്രമസംഭവങ്ങളും അവിടെ അനുവദിക്കില്ല. ഏത് ഭാഗത്തുനിന്ന് അക്രമമുണ്ടായാലും അതിനെതിരെ ശക്തമായ നടപടി സ്വീകരിക്കും. പോലീസിന്റെ സ്വതന്ത്രമായ പ്രവർത്തനത്തിലൂടെ ഈ പ്രദേശത്ത് ക്രമസമാധാനം നിലനിർത്താൻ കഴിയുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. ഇക്കാര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, കെ. എം. മാണി, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

ശ്രീ. ഒ. രാജഗോപാൽ : താനൂരിലുണ്ടായതുപോലെയുള്ള സംഭവങ്ങൾ സംസ്ഥാനത്ത് ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധചെലുത്തുകയും സമാധാനാന്തരീക്ഷം ഉറപ്പാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം.

## II ശ്രദ്ധക്ഷണിക്കൽ

(1) മൺറോ തുരുത്ത് നിവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കോവൂർ കുഞ്ഞുമോൻ: കൊല്ലം ജില്ലയിൽ നാലുഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ടതും 15 കി.മീ ദൂരം വ്യാപിച്ചുകിടക്കുന്നതുമായ ദ്വീപാണ് മൺറോ തുരുത്ത്. റീസെറ്റിൽമെന്റിലൂടെ ഇടിയക്കടവ് പാലം നിർമ്മിച്ച് പുറംലോകവുമായി ഇതിനെ ബന്ധിപ്പിച്ചിട്ടുണ്ട്. നെല്ലും തെങ്ങും സമൃദ്ധമായി വിളഞ്ഞിരുന്ന ഇവിടെ കൃഷി പൂർണ്ണമായി നശിക്കുകയും 400 ഓളം കുടുംബങ്ങൾ സ്വദേശം വിട്ടുപോകേണ്ടതായും വന്നിട്ടുണ്ട്. മൺറോ തുരുത്തിനെ മികച്ച ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റുന്നതിനും കാർഷിക മേഖല പുനരുജ്ജീവിപ്പിക്കുന്നതിനും റോഡുകളുടെയും നടപ്പാതകളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും കൈത്തോടുകൾ നികത്തുന്നതിനും കല്ലടയാർ- പുത്തനാർ കായലുകളിൽ സംരക്ഷണ ഭിത്തി കെട്ടുന്നതിന് ഒരു

പാക്കേജ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 2004-ലെ സുനാമിയെത്തുടർന്ന് മൺറോ തുരുത്തിലെ ജലനിരപ്പ് ക്രമാതീതമായി ഉയരുകയും അഷ്ടമുടിക്കായലിൽനിന്നും ഉപ്പുവെള്ളം കയറി കൃഷിയെ ദോഷകരമായി ബാധിക്കുകയും ചെമ്മീൻ കൃഷി പരിപാലന ദൈർഘ്യം കുറയുകയും വിളവെടുപ്പ് ബുദ്ധിമുട്ടാകുകയും ചെയ്യുന്ന സ്ഥിതിവിശേഷമുണ്ടായിട്ടുണ്ട്. ഉപ്പുവെള്ളം കയറാതിരിക്കാനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ, ബണ്ട് നിർമ്മാണം, കണ്ടൽച്ചെടി വച്ചുപിടിപ്പിക്കൽ, തോടുകളുടെ സംരക്ഷണ പ്രവൃത്തികൾ, ശാസ്ത്രീയ കൃഷി സമ്പ്രദായം എന്നിവയ്ക്ക് ശാശ്വത പരിഹാരം കാണേണ്ടത് അനിവാര്യമാണ്. മൺറോ തുരുത്തിലെ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും തുരുത്തിന്റെ പൂർണ്ണ സംരക്ഷണത്തിനുതകുന്ന പാക്കേജ് നടപ്പിലാക്കുന്നതിനും പ്രത്യേക പരിഗണന നൽകുന്നതാണ്.

(2) വിദേശ ഭാഷാ സർവ്വകലാശാല

ശ്രീ. പി. കെ. അബ്ദു റബ്ബ്: വിദേശ ഭാഷകളുടെ പ്രാധാന്യം കണക്കിലെടുത്ത് കേരളത്തിൽ വിദേശ ഭാഷാ സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കഴിഞ്ഞ സർക്കാരിന്റെ

കാലത്ത് ഹൈദ്രാബാദ് ആസ്ഥാനമായി ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിയുടെ ഒരു ക്യാമ്പസ് മലപ്പുറം ജില്ലയിലെ പാണക്കാട്, കേരള സർക്കാർ വിട്ടുകൊടുത്ത 75 ഏക്കർ സ്ഥലത്ത് 2013-14 അദ്ധ്യയന വർഷത്തിൽ ആരംഭിക്കുന്നതിന് ധാരണാപത്രം ഒപ്പുവയ്ക്കുകയും ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും ചെയ്തിരുന്നു. തെരഞ്ഞെടുപ്പ് പ്രഖ്യാപനം വന്നതിനാൽ ഉത്തരവിറക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ തീരുമാനം നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): കേരളത്തിൽ അറബിക് ഉൾപ്പെടെയുള്ള വിദേശ ഭാഷകൾക്കായി ഒരു സർവ്വകലാശാല സ്ഥാപിക്കണമെന്ന ആവശ്യം നിലനിന്നിരുന്നു. ഭരണഘടനയുടെ 8-ാം പട്ടികയിൽ ഉൾപ്പെടുത്തുന്ന ഔദ്യോഗിക ഭാഷാ പദവി ഇല്ലാത്ത ഭാഷകൾ പഠിപ്പിക്കുന്നതിനായി ഒരു സർവ്വകലാശാലയ്ക്കുണ്ടാകാവുന്ന ചെലവുകൾ വഹിക്കാൻ സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ ധനസ്ഥിതിയിൽ കഴിയുകയില്ല. ഹൈദ്രാബാദ് ആസ്ഥാനമായി ഇംഗ്ലീഷ് & ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിയുടെ ഒരു ഓഫ് ക്യാമ്പസ് മലപ്പുറം ജില്ലയിലെ പാണക്കാട് സ്ഥാപിക്കുന്നതിനായി വ്യവസായ വികസന കോർപ്പറേഷന്റെ കൈവശമുള്ള

75 ഏക്കർ ഭൂമി വിട്ടുനൽകുകയും രേഖകൾ കൈമാറുകയും ചെയ്തിരുന്നു. 17.02.2016-ലെ മന്ത്രിസഭാ യോഗ തീരുമാനപ്രകാരം ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റി ഓഫ് കേരള എന്ന പേരിൽ ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതിനും അംഗീകാരം നൽകുന്നതിനും വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനുമായി ഒരു കോടി രൂപ അനുവദിക്കുന്നതിനുള്ള നിർദ്ദേശമുണ്ടായിരുന്നെങ്കിലും ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കാതിരുന്ന സാഹചര്യത്തിൽ ഉത്തരവ് പുറപ്പെടുവിച്ചില്ല. പ്രസ്തുത വിഷയം പിന്നീട് കൂടുതൽ ചർച്ചകൾക്ക് വിധേയമാക്കാവുന്നതാണ്.

## III സബ്മിഷൻ

### (1) ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി

ശ്രീ. റോജി എം. ജോൺ: വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അങ്കമാലി, കാലടി എന്നിവിടങ്ങളിലുള്ള ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികൾ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): അങ്കമാലി, കാലടി

എന്നിവിടങ്ങളിലെ ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ ഇപ്പോൾ പ്രവർത്തിക്കുന്ന വാടകക്കെട്ടിടത്തിൽ നിന്നും മാറ്റുന്നതിനോ പ്രസ്തുത കോടതികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതുവരെ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിൽ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനോ ഉള്ള ശിപാർശ ഹൈക്കോടതിയുടെ പരിഗണനയിലില്ല. കോടതികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ മാറുന്നത് ഹൈക്കോടതി തീരുമാനമനുസരിച്ചായതുകൊണ്ട് സർക്കാരിന് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കില്ല. ഇക്കാര്യം ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(2) ഡിസ്പെൻസറിയുടെ പ്രവർത്തനം

ശ്രീ. കെ. രാജൻ: പീച്ചി ഡാമിലെ ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള സർക്കാർ ഡിസ്പെൻസറി നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പീച്ചി ഡാം നിർമ്മിക്കുന്ന സമയത്ത് ജീവനക്കാർക്കായി സ്ഥാപിച്ച ഒരു ഡിസ്പെൻസറിയാണ് ഇത്. ജലസേചന വകുപ്പിലെ നിഷ്ക്രിയ തസ്തികകൾ നിർത്തലാക്കിയതിന്റെ ഭാഗമായി

ഡിസ്പെൻസറിയിലെ തസ്തികകളും ഒഴിവാക്കപ്പെട്ടു. ജനപ്രതിനിധികളും പരിസരവാസികളും ഡിസ്പെൻസറി നിലനിർത്തണമെന്നാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ ചുമതലയിൽ ഡിസ്പെൻസറിയുടെ പ്രവർത്തനമാരംഭിക്കുന്നതിനും ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള കെട്ടിടം വിട്ടുനൽകുന്നതിനും തീരുമാനമായിട്ടുണ്ട്.

(3) ഐ.ടി.ഐ. കെട്ടിട നിർമ്മാണം

ശ്രീ. യു. ആർ. പ്രദീപ്: വരവൂർ ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): തൃശ്ശൂർ ജില്ലയിലെ വരവൂർ ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിന് മൂന്നേകാൽ കോടി രൂപയുടെ ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവൃത്തികൾക്കായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ കരാറുകാരൻ 35 ശതമാനം പണികൾ പൂർത്തിയാക്കിയതിനുശേഷം പ്രവൃത്തി നിർത്തിപ്പോയതിനാൽ പദ്ധതി മുടങ്ങിപ്പോകുകയുണ്ടായി. കൺസ്ട്രക്ഷൻ കോർപ്പറേഷൻ

കരാറുകാരനെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 13-03-2017-ൽ ഇതിന്റെ പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

(4) കുടിവെള്ള പദ്ധതി

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ഗുരുവായൂർ നിയോജകമണ്ഡലത്തിലെ കരുവന്നൂർ കുടിവെള്ള പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ഗുരുവായൂർ, ചാവക്കാട് മുനിസിപ്പാലിറ്റികൾക്കായി കരുവന്നൂർ കുടിവെള്ള പദ്ധതിക്ക് 50 കോടി 45 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും 40 കോടി 48 ലക്ഷം രൂപ മുടക്കുകയും ചെയ്തിട്ടുണ്ട്. ബൂസ്റ്റർ പമ്പിംഗ് മെയിനിലെ ഏഴര കിലോമീറ്റർ ഒഴിച്ചുള്ള എല്ലാ ഘടകങ്ങളുടെയും പണി പൂർത്തീകരിച്ചിട്ടുണ്ട്. ഏഴ് പാക്കേജായി പ്രവൃത്തികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരുന്ന പദ്ധതിയുടെ ആറ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നാമത്തെ പാക്കേജായ 16.68 കിലോമീറ്റർ പൈപ്പ്ലൈൻ ഇടേണ്ട സ്ഥാനത്ത് 9.09 കിലോമീറ്റർ പൈപ്പ് ലൈൻ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. വളരെ വേഗത്തിൽ എല്ലാ ഘടകങ്ങളും പൂർത്തീകരിച്ച് കുടിവെള്ളമെത്തിക്കാനുള്ള നടപടികൾ

സ്വീകരിക്കുന്നതാണ്.

## (5) മെഡിക്കൽ കോളേജ് വികസനം

ശ്രീ. മുരളി പെരുനെല്ലി: തൃശ്ശൂർ മെഡിക്കൽ കോളേജിൽ പണി പൂർത്തീകരിച്ച കാത്ത് ലാബിന്റെ പ്രവർത്തനമാരംഭിക്കുന്നതിനും ആർട്ടിഫിഷ്യൽ ലിമ്പ് ഫിറ്റിംഗ് സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിനും ഓങ്കോളജി, ഗ്യാസ്റ്റോ സർജിക്കൽ ഡിപ്പാർട്ടുമെന്റുകൾ ആരംഭിക്കുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും മെഡിക്കൽ കോളേജിനായി പ്രത്യേക കുടിവെള്ള പദ്ധതി തയ്യാറാക്കുന്നതിനും ജനപ്രതിനിധികളെ ഉൾക്കൊള്ളിച്ചുകൊണ്ട് ആശുപത്രി വികസന സമിതി രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഭൗതികവും അക്കാദമികവുമായ സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിന് മാത്രമായി ഒരു കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കാത്ത് ലാബ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയാകുകയും അതിനാവശ്യമായ

തസ്തിക സൃഷ്ടിക്കുന്നതടക്കമുള്ള കാര്യങ്ങൾ സർക്കാരിന്റെ പരിഗണനയിലുമാണ്. ആർട്ടിഫിഷ്യൽ ലിമ്പ് ഫിറ്റിംഗ് സെന്ററിന്റെ പണി പുരോഗമിക്കുകയാണ്. പട്ടികജാതി കുട്ടികൾക്ക് പ്രാമുഖ്യം നൽകി പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകൾ തുടങ്ങുന്നതിനും ഐ.സി.യു-കൾ കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തിക്കൊണ്ടിരിക്കുകയാണ്. റേഡിയോ തെറാപ്പി വിഭാഗത്തിലെ കൊബാൾട്ട് മെഷീൻ പ്രവർത്തനക്ഷമമാക്കുന്നതിനും പുതിയ ലീനിയർ ആക്സിലറേറ്റർ ഇൻസ്റ്റാൾ ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പേവാർഡിന്റെയും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പാരാമെഡിക്കൽ ലേഡീസ് ഹോസ്റ്റൽ, കീമോ സെന്റർ, ജെറിയാട്രിക് റിസർച്ച് കെട്ടിടം എന്നിവയുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. മെറ്റേണൽ ചൈൽഡ് ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതടക്കമുള്ള പുതിയ പ്രോജക്ടുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ഒന്നുരണ്ടുവർഷത്തിനുള്ളിൽ തൃശ്ശൂർ മെഡിക്കൽ കോളേജിനെ സെന്റർ ഓഫ് എക്സലൻസാക്കി മാറ്റുന്നതിനുള്ള ശ്രമം

നടത്തിക്കൊണ്ടിരിക്കുകയാണ്.

(6) താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: ബത്തേരി താലൂക്കാശുപത്രിയുടെ പ്രവർത്തനം സുഗമമാക്കുന്നതിനാവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനും ആശുപത്രി പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 1995-ൽ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തിയ ബത്തേരി താലൂക്കാശുപത്രിയിലെ രണ്ട് ബ്ലോക്കുകളിലായി 125 ബെഡ്ഡുകളാണുള്ളത്. മതിയായ ജീവനക്കാരില്ലാത്തത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി ആറ് നിലകളുള്ള പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി സുൽത്താൻ ബത്തേരി ആശുപത്രിയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 'ആർദ്രം' മിഷന്റെ

ഭാഗമായി താലൂക്കാശുപത്രികളിൽ മതിയായ സ്റ്റാഫിനെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിൽ ബത്തേരി താലൂക്കാശുപത്രിയേയും ഉൾപ്പെടുത്തിയിട്ടുണ്ട്. അധികം വൈകാതെ പോസ്റ്റുകൾ അംഗീകരിച്ചു കിട്ടുമെന്നാണ് കരുതുന്നത്. പോസ്റ്റ് ക്രിയേഷൻകൂടി ആയാൽ സുൽത്താൻ ബത്തേരി താലൂക്കാശുപത്രിയുടെ പ്രവർത്തനം നല്ല രീതിയിൽ നടത്താൻ സാധിക്കുന്നതാണ്.

### (7) ഇരിണാവ് പാലം

ശ്രീ. ടി. വി. രാജേഷ്: ഭരണാനുമതി ലഭിച്ച ഇരിണാവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കല്യാശ്ശേരി മണ്ഡലത്തിലെ കല്യാശ്ശേരി-മാട്ടൂൽ ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇരിണാവ് പാലം നിർമ്മാണത്തിന് 9 കോടി 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പാലവും അനുബന്ധ റോഡുകളും നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമായാൽ മാത്രമേ ടെണ്ടർ നടപടികൾ ആരംഭിക്കാൻ പാടുള്ളൂവെന്ന് ഗവൺമെന്റ് ഉത്തരവിൽ നിഷ്കർഷിച്ചിരുന്നു. സൗജന്യമായി ഭൂമി വിട്ടുകിട്ടുന്നതിനുള്ള ശ്രമങ്ങൾ നടത്തിയെങ്കിലും സ്വകാര്യ

വ്യക്തികളുടെ എതിർപ്പിനെത്തുടർന്ന് ഭൂമി ഏറ്റെടുക്കാൻ കഴിയാതെവരികയും ഭരണാനുമതിയുടെ കാലാവധി കഴിയുകയും ചെയ്തു. 15.12.2015-ലെ സർക്കാർ ഉത്തരവ് പ്രകാരം സ്ഥലമേറ്റെടുക്കുന്നതിന് തുക അനുവദിക്കുകയും തലശ്ശേരി സ്പെഷ്യൽ തഹസീൽദാർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. 04.03.2016-ലെ സർക്കാർ ഉത്തരവ് പ്രകാരം പാലം നിർമ്മാണത്തിന് 16 കോടി 42 ലക്ഷം രൂപയുടെ പുതിയ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലവുമായി ബന്ധപ്പെട്ടുവരുന്ന റോഡ് നിർമ്മാണത്തിന് സ്വകാര്യവ്യക്തികളുടെ ഭൂമിക്കുപുറമെ ജലസേചന വകുപ്പിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമികൂടി വിട്ടുകിട്ടുന്നതിന് ജലസേചന വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് പ്രത്യേകാനുമതി നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ പുനഃസമർപ്പിക്കണമെന്ന് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### (8) റോഡ് നിർമ്മാണത്തിന് അംഗീകാരം

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: മഞ്ചേശ്വരം നിയോജകമണ്ഡലത്തെ കർണ്ണാടക സംസ്ഥാനവുമായി ബന്ധിപ്പിക്കുന്ന ബങ്കര മഞ്ചേശ്വരം -കുളൂർ -

ചിക്കുർപ്പാത റോഡ് നിർമ്മാണത്തിന് ടെണ്ടർ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ബങ്കര മഞ്ചേശ്വരം -കുളൂർ - ചിക്കുർപ്പാത റോഡ് നിർമ്മാണ പ്രവൃത്തിക്ക് ടെണ്ടർ അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം 16.02.2017-ൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ടെണ്ടർ കമ്മിറ്റി പരിഗണിക്കുകയും ചീഫ് ടെക്നിക്കൽ എക്സാമിനർ ചൂണ്ടിക്കാണിച്ച പോരായ്മകളിന്മേൽ ചീഫ് എഞ്ചിനീയറോട് വിശദീകരണം ചോദിച്ചിരിക്കുകയുമാണ്. ചീഫ് എഞ്ചിനീയറുടെ വിശദീകരണം ലഭ്യമായശേഷം ചീഫ് ടെക്നിക്കൽ എക്സാമിനറുടെ അംഗീകാരത്തോടുകൂടി അടുത്ത ടെണ്ടർ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ്. കാസർഗോഡ് ജില്ലയിലെ എല്ലാ നിയോജകമണ്ഡലങ്ങളിലേയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഗവൺമെന്റ് പ്രത്യേക പരിഗണന നൽകിവരികയാണ്.

(9) കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റേഡിയം

ശ്രീ. അബ്ദുൽ ഹമീദ് പി.: കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ നടപടി

സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ കേന്ദ്ര കായിക യുവജനക്ഷേമ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ 400 മീറ്റർ നീളമുള്ള സിന്തറ്റിക് ട്രാക്കിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി സർവ്വകലാശാല തയ്യാറാക്കി സമർപ്പിച്ച 25.7 കോടി രൂപയുടെ പദ്ധതി ഗവൺമെന്റ് പ്രത്യേകം പരിശോധിക്കുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) സബ്ജക്ട് കമ്മിറ്റി VII-ന്റെ 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ, 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ, 2016-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ്

തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവയെ സംബന്ധിച്ച റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(3) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അഞ്ച് മുതൽ ഏഴ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(4) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VI ചട്ടത്തിനുള്ള ഭേദഗതിയുടെ പരിഗണന

### 2016-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ചട്ടങ്ങൾക്കുള്ള ഭേദഗതി

ശ്രീ. എം. ഉമ്മർ: 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ചട്ടങ്ങൾക്ക് 26-12-2016-ലെ സ.ഉ.(അച്ചടി) നമ്പർ 189/2016/ധനം (എസ്.ആർ.ഒ. നം.786/2016) പ്രകാരം പുറപ്പെടുവിച്ച ഭേദഗതി റദ്ദ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി അവതരിപ്പിക്കുന്നു. രണ്ട് വർഷത്തേയ്ക്കുള്ള പബ്ലിക് എക്സ്പെൻഡീച്ചർ റിവ്യൂ കമ്മിറ്റിയിലെ അദ്ധ്യക്ഷന്റെയും അംഗങ്ങളുടെയും നിയമന കാലാവധി നിലവിലെ ഭേദഗതി പ്രകാരം സർക്കാരിന് ഇഷ്ടമുള്ളത്രയും കാലമായി മാറ്റിയിരിക്കുകയാണ്. ബഹുമാന്യരായ

മുഖ്യമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, പ്രതിപക്ഷനേതാവ് എന്നിവരുൾപ്പെടുന്ന തെരഞ്ഞെടുപ്പ് സമിതിയുടെ ശിപാർശ പ്രകാരമാണ് പബ്ലിക് എക്സ്പെൻഡീച്ചർ റിവ്യൂ കമ്മിറ്റി അദ്ധ്യക്ഷനെയും അംഗങ്ങളെയും തെരഞ്ഞെടുക്കുന്നത്. സർക്കാരിന്റെ ധനസംബന്ധമായ ഉത്തരവാദിത്തത്തെക്കുറിച്ച് പരിശോധിച്ച് ശിപാർശ നൽകാൻ ചുമതലപ്പെട്ട ഉന്നതാധികാര സമിതിക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ രണ്ട് വർഷംതന്നെ അപര്യാപ്തമാണെന്നിരിക്കെ സർക്കാരിന്റെ പ്രീതി സമ്പാദിക്കാൻ കഴിയുന്നത്രയും കാലത്തേയ്ക്ക് മാത്രമായി സമിതിയുടെ കാലാവധി നിശ്ചയിക്കുന്നത് സഭ പാസ്സാക്കിയ ആക്ടിന്റെയും റൂളിന്റെയും സ്പിരിറ്റിനെതിരാണ്. ഭേദഗതി അംഗീകരിച്ചാൽ ഈ കമ്മിറ്റിക്ക് നിർഭയമായും നിഷ്പക്ഷമായും പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യം സംജാതമാകുന്നതാണ്. പ്രതിപക്ഷനേതാവുകൂടി ചേർന്ന് തെരഞ്ഞെടുക്കുന്ന സമിതിയിലെ അംഗങ്ങളെ പുറത്താക്കുമ്പോൾ പ്രതിപക്ഷനേതാവുമായി ചർച്ച നടത്തുന്നില്ല. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ച് ഭേദഗതി റദ്ദാക്കേണ്ടതാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 26-12-2016-ലെ എസ്.ആർ.ഒ. നം.786/2016 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ചട്ടങ്ങളിലെ 8-ാം ചട്ടത്തിൽ പൊതുചെലവ്

പുനഃപരിശോധനാ കമ്മിറ്റിയിലെ അദ്ധ്യക്ഷനും അംഗങ്ങൾക്കും സർക്കാരിന് ഇഷ്ടമുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്ന 1(a) ഉപചട്ടം കൂട്ടിച്ചേർക്കുകയുണ്ടായി. ഉത്തരവാദിത്വം പേറുന്നതിനുള്ള പ്രാഗത്ഭ്യത്തോടൊപ്പം സർക്കാരിന്റെ പൊതുകാഴ്ചപ്പാടുകളോട് ചേർന്നുനിൽക്കുന്ന കമ്മിറ്റിയാണെന്ന് സർക്കാരിന് ബോധ്യമില്ലെങ്കിൽ പല പ്രായോഗിക പ്രശ്നങ്ങളും സൃഷ്ടിക്കുമെന്നതിനാലാണ് ഭേദഗതി വരുത്തിയിട്ടുള്ളത്. ചട്ടത്തിൽ വരുത്തിയ ഭേദഗതി ക്രമപ്രകാരമായതിനാൽ എസ്.ആർ.ഒ. റദ്ദാക്കേണ്ടതില്ല. ഭേദഗതിയുടെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും പ്രതിപക്ഷനേതാവും ഉൾക്കൊള്ളുന്ന സമിതി ചേർന്ന് പുതിയ പൊതുചെലവ് പുനഃപരിശോധനാ കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്.

2016-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ചട്ടങ്ങൾക്കുള്ള ഭേദഗതി 27-നെതിരെ 56 വോട്ടുകളോടെയും രണ്ട് നിഷ്പക്ഷ വോട്ടുകളോടെയും സഭ നിരാകരിച്ചു.

## VII പ്രത്യേക പരാമർശം

## സ്പീക്കറുടെ റൂളിംഗ് സംബന്ധിച്ച്

ശ്രീ. കെ. സി. ജോസഫ്: ഇന്നലെ സഭ പിരിയുന്നതിന് തൊട്ടുമുമ്പുള്ള ചെയറിന്റെ റൂളിംഗിൽ മുഖ്യമന്ത്രിയുടെ പ്രസ്താവന അദ്ദേഹത്തിന്റെ രാഷ്ട്രീയ അഭിപ്രായം മാത്രമാണെന്ന് പറയുകയുണ്ടായി. സഭാ നേതാവായ മുഖ്യമന്ത്രിതന്നെ പ്രതിപക്ഷം ശിവസേനയെ വാടകയ്ക്കെടുത്തുവെന്ന് പറയുന്നത് നിർഭാഗ്യകരവും വേദനാജനകവുമാണ്. ഇത്തരം സ്റ്റേറ്റ്മെന്റുകൾ സഭയിൽ പറയാൻ പാടില്ലെന്ന് 1958 നവംബർ 29, 1960 ജൂൺ 28 എന്നീ ദിവസങ്ങളിൽ ചെയർ റൂൾ ചെയ്തിട്ടുണ്ടായിരുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് : റൂളിംഗിനെ ചോദ്യം ചെയ്യുന്നത് പാർലമെന്ററി ചട്ടങ്ങൾക്കും കീഴ്വഴക്കങ്ങൾക്കുമെതിരാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : റൂളിംഗുമായി ബന്ധപ്പെട്ട് സഭയ്ക്കുപുറത്ത് എം.എൽ.എ.-മാർ സ്പീക്കർക്ക് എതിരായി പറയുന്നത് അനുവദിച്ചാൽ സഭ നിഷ്പക്ഷമായി നടത്തിക്കൊണ്ടുപോകാൻ കഴിയാതെവരും.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): പ്രതിപക്ഷം സ്പീക്കറെയും

സ്പീക്കറുടെ റൂളിംഗിനെയും ബഹുമാനിക്കുന്നു. മുൻസ്പീക്കർ സഭയിൽ നടത്തിയ റൂളിംഗിന്റെ പ്രസക്ത ഭാഗങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയാണ് ചെയ്തത്. ഞങ്ങളുടെ പാർട്ടിയെയും മുന്നണിയെയും സംബന്ധിച്ച് പരാമർശം ഉണ്ടായതിലുള്ള ഖേദവും പ്രയാസവുമാണ് രേഖപ്പെടുത്തിയത്.

ശ്രീ. വി. ഡി. സതീശൻ : സ്പീക്കറുടെ റൂളിംഗിൽ പറഞ്ഞിരിക്കുന്നത് പൊളിറ്റിക്കൽ സ്റ്റേറ്റ്മെന്റാണ് മുഖ്യമന്ത്രി നടത്തിയത് എന്നാണ്. അതിന് മറുപടി പറയാനുള്ള അവകാശമാണ് ഉപയോഗിച്ചത്. അതുകൊണ്ട് പാർലമെന്ററികാര്യ വകുപ്പുമന്ത്രി പറഞ്ഞത് പിൻവലിക്കുകയോ രേഖയിൽനിന്ന് നീക്കം ചെയ്യുകയോ ചെയ്യണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : റൂളിംഗിനെതിരായി സംസാരിക്കുക മാത്രമല്ല, സ്പീക്കറെ വ്യക്തിപരമായി വിമർശിക്കുന്ന രൂപത്തിലുള്ള പരാമർശവും നടത്തുകയുണ്ടായി.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സ്പീക്കറെ വ്യക്തിപരമായി വിമർശിക്കുന്ന പരാമർശം ഒരു അംഗവും നടത്തിയിട്ടില്ല.

മി. സ്പീക്കർ: അസാധാരണവും അനിതരസാധാരണവുമായ നടപടികളാണ് കഴിഞ്ഞ രണ്ടുമൂന്ന് ദിവസമായി സഭയുമായി ബന്ധപ്പെട്ട് സഭയ്ക്കകത്തും പുറത്തും നടക്കുന്നത്. ചെയർ നൽകിയ റൂളിംഗിന്റെ യുക്തിയും ന്യായീകരണങ്ങളും വ്യക്തമായി വിശദീകരിച്ചുകൊണ്ടാണ് റൂളിംഗ് നൽകിയത്. രാഷ്ട്രീയ പരാമർശങ്ങൾ, ആരോപണങ്ങൾ, പ്രത്യാരോപണങ്ങൾ എന്നിവയിൽ പക്ഷംചേർന്ന് നിലപാട് സ്വീകരിക്കാനോ വിധി കൽപ്പിക്കാനോ ചെയറിന് സാധിക്കില്ല. നിയമസഭ ഒരു രാഷ്ട്രീയ കോടതിയല്ല, അദ്ധ്യക്ഷൻ രാഷ്ട്രീയ ജഡ്ജിയുമല്ല. സഭയിൽ രാഷ്ട്രീയ നിലപാടുകൾ പരസ്പരം വിശദീകരിക്കുന്നതും വിമർശനങ്ങൾ ഉന്നയിക്കുന്നതും സ്വാഭാവികമാണ്. രാഷ്ട്രീയ ആരോപണങ്ങൾക്ക് രാഷ്ട്രീയമായ മറുപടി കൊടുക്കുന്നതിന് അവസരമൊരുക്കുകയെന്നല്ലാതെ ചെയറിന് മറ്റൊരു ഗത്യന്തരവുമില്ല എന്നതാണ് കീഴ്വഴക്കം. ഇതുമായി ബന്ധപ്പെട്ട് റൂളിംഗ് നൽകിയശേഷം തുടർച്ചയായി റൂളിംഗുമായി ബന്ധപ്പെട്ട ചർച്ച സഭയ്ക്കകത്തും പുറത്തും നടക്കുന്നത് ഈ സഭയുടെ അന്തസ്സിന് ചേർന്നതാണോയെന്ന് സഭാംഗങ്ങൾ പരിശോധിക്കണം. ദൃശ്യമാധ്യമങ്ങളിലും പുറത്തുള്ള സംവാദങ്ങളിലും പങ്കെടുത്തുകൊണ്ട് സഭയിലെ റൂളിംഗിനെ സംബന്ധിച്ചുള്ള വിമർശനങ്ങളും

ആക്ഷേപങ്ങളും ഉന്നയിക്കുന്നത് എത്രത്തോളം ശരിയാണെന്ന് സ്വയം പരിശോധിക്കാൻ തയ്യാറാകണം. ജനാധിപത്യക്രമത്തിൽ നിയമസഭയ്ക്ക് ഒരു അവകാശമുണ്ട്, അന്തസ്സുണ്ട്. ഏത് തരത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങളും പരസ്പരം ഉന്നയിക്കാനുള്ള സംവാദവേദിയായി നിയമസഭയെ ഉപയോഗപ്പെടുത്താൻ സാധിക്കണം, പക്ഷേ അതിന്റെ പരിധി വിട്ടുപോകരുത്. പലപ്പോഴും ആ പരിധി വിട്ടുപോകുന്നു. നെഗറ്റീവായിമാത്രം സഭാനടപടികളെ കാണുന്ന രീതി ആശാസ്യമല്ലെന്ന് ഖേദപൂർവ്വം അറിയിക്കുന്നു.

## VIII ധനകാര്യം

### വോട്ട് ഓൺ അക്കൗണ്ട് - ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : "ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ നാലാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ മൂന്നാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2017-18 സാമ്പത്തിക വർഷത്തിന്റെ ആദ്യത്തെ മൂന്ന് മാസത്തേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേയ്ക്കോ ആയി ഗവർണ്ണർക്ക് നൽകണം എന്ന ഉപക്ഷേപം

അവതരിപ്പിക്കുന്നു."

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : ഉപക്ഷേപത്തെ പിന്താങ്ങുന്നു.

സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, ടി. വി. ഇബ്രാഹിം, വി. കെ. ഇബ്രാഹിം കുഞ്ഞ്, എ. പി. അനിൽ കുമാർ, മഞ്ഞളാംകുഴി അലി, ടി. എ. അഹമ്മദ് കബീർ, സണ്ണി ജോസഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഐ. സി. ബാലകൃഷ്ണൻ, എൽദോസ് കുന്നപ്പിള്ളി, വി. എസ്. ശിവകുമാർ, പി. ബി. അബ്ദുൾ റസ്സാക്ക്, പി. കെ. അബ്ദു റബ്ബ്, എം. ഉമ്മർ, കെ. സി. ജോസഫ്, പാറക്കൽ അബ്ദുല്ല, എൻ. എ. നെല്ലിക്കുന്ന്, കെ. എം. ഷാജി, പി. ഉബൈദുള്ള എന്നീ അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. കെ. വി. വിജയദാസ് : വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുന്നു. പ്രതിസന്ധികൾ മറികടക്കാൻ ബദൽ സംവിധാനങ്ങൾ സർക്കാർ ഏർപ്പെടുത്തി. നോട്ട് നിരോധനത്തിനെതിരെ ഇന്ത്യയ്ക്കാകെ മാതൃകയാക്കി ചെറുത്തുനിൽപ്പും ബദൽ നയങ്ങളും സംഘടിപ്പിക്കാൻ സർക്കാർ മുന്നോട്ടുവന്നു. ട്രഷറി ഇടപാടുകളിൽ ഉണ്ടായിരുന്ന തടസ്സങ്ങൾ പരിഹരിക്കുകയും പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി ട്രഷറി സേവിംഗ്സ് ബാങ്കിലൂടെ നൽകുന്നതിന്

നടപടി സ്വീകരിക്കുകയും എല്ലാ പ്രാദേശിക സഹകരണ സംഘങ്ങൾക്കും മിറർ അക്കൗണ്ട് തുറക്കുന്നതിന് സൗകര്യമുണ്ടാക്കുകയും ചെയ്തു. വിലക്കയറ്റം തടയാൻ ശക്തമായ നടപടി സ്വീകരിച്ചു. പഞ്ചവത്സര പദ്ധതിയിൽ ഊന്നിക്കൊണ്ടുള്ള ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത് . 2017-18-ലെ വാർഷിക പദ്ധതികളുടെ അടങ്കൽ തുക 10.4% കൂടുതലാണ്. നെല്ല് സംഭരണത്തിനായി 700 കോടി രൂപ വകയിരുത്തുകയും സംഭരണവില കർഷകർക്ക് എത്രയും വേഗം നൽകുന്നതിനുള്ള പ്രത്യേക നിർദ്ദേശം നൽകുകയും ചെയ്തു. പട്ടികജാതി വിഭാഗത്തിന് 9.81% തുകയും പട്ടികവർഗ്ഗ വിഭാഗത്തിന് 2.83% തുകയും വകയിരുത്തി. അൻപതിനായിരം കോടി രൂപയാണ് റോഡ് വികസനത്തിന് ലക്ഷ്യമിട്ടിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.-ക്ക് 3000 കോടി രൂപയും ഭവനരഹിതർക്ക് വീട് വയ്ക്കുന്നതിനാവശ്യമായ തുകയും വകയിരുത്തിയിട്ടുണ്ട്. നവകേരള മിഷനിലൂടെ മാലിന്യ നിർമ്മാർജ്ജനം, ജലസംരക്ഷണം, കൃഷി, പരിസര ശുചിത്വം, ആരോഗ്യം, പൊതുവിദ്യാഭ്യാസം, പാർപ്പിടം തുടങ്ങിയ പദ്ധതികൾക്ക് ലക്ഷ്യമിട്ടിരിക്കുന്നു. പെൻഷൻ തുക വീട്ടിലെത്തിക്കുന്നതിന് നടപടി സ്വീകരിച്ചതും കർഷക പെൻഷൻ ബഡ്ജറ്റിലുൾപ്പെടുത്തിയതും അഭിനന്ദനാർഹമാണ്. വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷിനാശം

സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്നതിനും പാലക്കാട് ജില്ലയിലെ മുണ്ടൂരിൽ കാട്ടാന ആക്രമണത്തിൽ മരിച്ച കർഷകന്റെ കുടുംബത്തിന് അടിയന്തരമായി നഷ്ടപരിഹാരം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകളുടെ വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത് ഐ.എഫ്.എസ്.സി. കോഡുള്ള ബാങ്കിലൂടെ മാത്രമേ നടത്താവൂ എന്ന നിബന്ധന ഒഴിവാക്കണം.

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. യാഥാർത്ഥ്യബോധമില്ലാത്ത ഈ ബഡ്ജറ്റ് മുൻ ബഡ്ജറ്റ് പ്രഖ്യാപനങ്ങളുടെ തനിയാവർത്തനമാണ്. അടുത്ത അഞ്ചുവർഷത്തെ പ്രകടന പത്രികയാണ് ബഡ്ജറ്റ്. ആരോഗ്യരംഗത്ത് മുമ്പുണ്ടായിരുന്ന സൗജന്യ ചികിത്സാ പദ്ധതികൾ നിലനിർത്തണം. 'ആരോഗ്യകിരണം' പദ്ധതിക്ക് 18.35 കോടി രൂപ വകയിരുത്തിയതിനെ അഭിനന്ദിക്കുന്നു. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ക്യാൻസർ രോഗികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിനുള്ള 'സുകൃതം' പദ്ധതിക്ക് തുക അനുവദിക്കണം. ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്ന് സൗജന്യമായി വിതരണം ചെയ്യുമെന്ന പ്രഖ്യാപനം ശ്ലാഘനീയമാണ്.

പുതുതായി ആരംഭിച്ച മെഡിക്കൽ കോളേജുകൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കണം. വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ ലഭ്യമായ വിഭവ സമാഹരണത്തിലൂടെയാണ് മുൻപ് വൻകിട പദ്ധതികൾ നടപ്പിലാക്കിയിരുന്നത്. കടം എടുക്കുന്നതിന് റിസർവ് ബാങ്ക് നിയന്ത്രണമേർപ്പെടുത്തിയ പശ്ചാത്തലത്തിൽ ട്രഷറിയുമായി ബന്ധമില്ലാതെ കടം എടുക്കുന്നതിന് രൂപം നൽകിയിട്ടുള്ള കിഫ്ബി-ക്ക് ആർ.ബി.ഐ. പരിധി നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കണം. കെ.എസ്.ആർ.ടി.സി.-ക്ക് 3000 കോടി രൂപ അനുവദിക്കുമെന്ന് പറഞ്ഞതിൽ വ്യക്തതയില്ല. കെ.എസ്.എഫ്. ഇ. പ്രവാസി ചിട്ടിവഴി 12000 കോടി രൂപ സമാഹരിക്കുമെന്ന പ്രഖ്യാപനവും ഏത് വ്യവസ്ഥയനുസരിച്ചാണ് ഈ ഫണ്ട് കിഫ്ബി-യിലേയ്ക്ക് മാറ്റുന്നത് എന്നത് സംബന്ധിച്ചും വ്യക്തത വരുത്തണം. കിഫ്ബി-യിലൂടെ ഏറ്റെടുത്ത് നടപ്പാക്കുന്ന പദ്ധതികളുടെ പെർഫോമൻസ് അസസ്മെന്റ് റിപ്പോർട്ട് അടുത്ത ബഡ്ജറ്റിനോടനുബന്ധമായി സമർപ്പിക്കണം. പദ്ധതികൾ നടപ്പാക്കാനുള്ള കാലതാമസം ഒഴിവാക്കണം.

<u>ശ്രീ. കെ. രാജൻ</u>: വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം കൊണ്ടുവന്നത് അഭിനന്ദനീയമാണ്.

പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കാനും ഓണത്തിന് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. സഹകരണ ബാങ്കുകളിലെ മിച്ചമുള്ള പണവും ട്രഷറി സേവിംഗ്സ് ബാങ്കിലെ നിക്ഷേപ വർദ്ധനവും കിഫ്ബിയിൽ നിക്ഷേപിക്കാവുന്നതാണ് എന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. റോഡുകൾക്കും പാലങ്ങൾക്കും കുടിവെള്ള സ്കീമുകൾക്കും സ്കൂളുകളുടെ നവീകരണത്തിനും സർവ്വകലാശാലകൾക്കുമെല്ലാം ആവശ്യത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് മാത്രമല്ല പാഠപുസ്തകങ്ങൾ യഥാസമയം വിതരണം ചെയ്യാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. വികസന കാര്യങ്ങൾക്ക് ആവശ്യമായ പണം അനുവദിച്ചതും ജില്ലാ-താലൂക്ക്-ജനറൽ ആശുപത്രികളുടെ ശാക്തീകരണത്തിനും കാരുണ്യ പദ്ധതിക്കും RSBY പദ്ധതിക്കും ബഡ്ജറ്റിൽ പണം വകയിരുത്തിയതും അവയവമാറ്റ ശസ്ത്രക്രിയ നടത്തിയവർക്ക് പത്ത് ശതമാനം തുകയ്ക്ക് ജീവിതകാലം മുഴുവൻ മരുന്ന് നൽകുമെന്ന പ്രഖ്യാപനവും അഭിനന്ദനാർഹമാണ്. വിദ്യാഭ്യാസ രംഗത്ത് രണ്ട് വർഷത്തിനകം 2500 തസ്തികകൾകൂടി സൃഷ്ടിക്കുമെന്ന പ്രഖ്യാപനം ശ്ലാഘനീയമാണ്. നെല്ല് - പച്ചക്കറി സംഭരണത്തിന് ആവശ്യത്തിന് ഫണ്ട് അനുവദിക്കുകയും 'സേഫ് ടു ഈറ്റ് ' പദ്ധതി ആരംഭിക്കുമെന്ന് പറഞ്ഞതും പ്രശംസനീയമാണ്. ആരോഗ്യ

മേഖലയെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി വാല്യൂ ആഡഡ് പ്രോഡക്ടുകളുടെ അഗ്രോപാർക്കിന് 100 മുതൽ 150 കോടി രൂപയും റേഷൻ സംവിധാനത്തിന് 900 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷനും കൺസ്യൂമർഫെഡിനും ഹോർട്ടികോർപ്പിനും ആവശ്യത്തിന് പണം അനുവദിച്ചിട്ടുണ്ട്.

ശ്രീ. മഞ്ഞളാംകുഴി അലി: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. 13-ാം ധനകാര്യ കമ്മീഷൻ റിപ്പോർട്ടിൽ സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള കടമെടുപ്പിനെ സംബന്ധിച്ച് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. പല കാരണങ്ങളാൽ വിദേശ മലയാളികൾ നാട്ടിലേയ്ക്ക് മടങ്ങിവരുന്ന സാഹചര്യത്തിൽ അവരെ കെ.എസ്.എഫ്.ഇ. ചിട്ടികളിൽ ചേർത്ത് തുക സ്വരൂപിക്കാമെന്ന തീരുമാനം പ്രാവർത്തികമാകില്ല. എ.ഡി.ബി., വേൾഡ് ബാങ്ക് എന്നിവിടങ്ങളിൽനിന്നും കുറഞ്ഞ പലിശയ്ക്ക് വായ്പയെടുത്തിട്ടും പദ്ധതികൾ സമയബന്ധിതമായി പൂർത്തികരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജനകീയാസൂത്രണ പദ്ധതി നല്ല രീതിയിൽ കേരളത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞ സർക്കാരിന് സാധിച്ചിട്ടുണ്ട്. ത്രിതല പഞ്ചായത്തുകൾക്ക്

നൽകിയിട്ടുള്ള അധികാരങ്ങളിൽ പലതും അവർക്ക് ഒറ്റയ്ക്ക് കൈകാര്യം ചെയ്യാൻ സാധിക്കാത്തതാണ്. കഴിഞ്ഞ സർക്കാർ തിരുവനന്തപുരം ജില്ലയിൽ നടത്തിയ ഉറവിട മാലിന്യ സംസ്കരണത്തെപ്പറ്റി പഠിക്കാൻ തയ്യാറാകണം. വേസ്റ്റേജ് പ്ലാന്റ്, സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, സ്വീവറേജ് പ്ലാന്റ് എന്നിവ നഗരസഭയ്ക്ക് ഒറ്റയ്ക്ക് കൈകാര്യം ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ ഇത് മാനേജ് ചെയ്യുന്നതിന് ഒരു അതോറിറ്റി രൂപീകരിക്കണം. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന് ജനസമ്പർക്ക പരിപാടി, ശബരിമല മാസ്റ്റർ പ്ലാൻ, സീറോ വേസ്റ്റ്, അദ്ധ്യാപക പാക്കേജ്, മിഷൻ 606, ഒരു രൂപ നിരക്കിൽ അരി വിതരണം, എല്ലാവർക്കും റേഷൻ കാർഡ്, മെട്രോ റെയിൽ, സ്മാർട്ട് സിറ്റി, വിഴിഞ്ഞം തുറമുഖം, എമർജിംഗ് കേരള, കാരുണ്യ സ്കീം തുടങ്ങി നിരവധി നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുന്നു. സർവ്വ മണ്ഡലങ്ങളേയും ഒരുപോലെ പരിഗണിച്ചുകൊണ്ടുള്ള ക്ഷേമ വികസന ബഡ്ജറ്റ് അവതരിപ്പിച്ച സർക്കാരിനെ അഭിനന്ദിക്കുന്നു. സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്ന ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി സമുദ്രജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കാനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണം.

<u>ശ്രീ. പി. സി. ജോർജ്</u>: വർഗ്ഗീയ ഫാസിസ്റ്റുകളെ കേരളത്തിൽ നിന്നും തുടച്ചുനീക്കുന്നതിന് കൂട്ടായ പ്രവർത്തനമാവശ്യമാണ്. പാവപ്പെട്ടവർക്കും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കും നീതി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സർക്കാരിന് കഴിയണം. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന രാഷ്ട്രീയ അതിക്രമങ്ങൾക്കെതിരെ നടപടി സ്വീകരിക്കണം. പാറശ്ശാലയിൽ പോലീസിന്റെ മർദ്ദനത്തിനിരയായ ശ്രീജീവന്റെ മരണത്തിന് ഉത്തരവാദിയായ പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കണം. ചെങ്ങറ ഭൂസമരത്തിൽ പങ്കെടുത്തവർക്ക് അനുവദിച്ച ഭൂമി പതിച്ചുനൽകണം.

<u>ശ്രീ. സി. കെ. നാണു</u>: വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുന്നു. കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാനുള്ള ശ്രമവും പൊതുവിദ്യാഭ്യാസം, കായികം, ആരോഗ്യം, ശുദ്ധജല വിതരണം, കാർഷികം എന്നീ മേഖലകളിൽ സ്വീകരിച്ചിട്ടുള്ള സമീപനവും ശ്ലാഘനീയമാണ്. മലബാറിലെ വിനോദസഞ്ചാര മേഖലയെ വളർത്തിയെടുക്കാൻ സാധിച്ചത് എടുത്തുപറയത്തക്ക നേട്ടങ്ങളിലൊന്നാണ്. നോട്ട് നിരോധനത്താൽ രാജ്യം സാമ്പത്തിക പ്രതിസന്ധി നേരിട്ടഘട്ടത്തിൽ കേരളത്തിലെ സാമ്പത്തികരംഗം

ഭദ്രമാക്കുന്നതിന് ഗവൺമെന്റിന് സാധിച്ചു.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u>: വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുന്നു. പുതിയ വികസന പദ്ധതികൾ ശക്തിപ്പെടുത്തുന്നതിന് ബഡ്ജറ്റിൽ ഊന്നൽ നൽകിയിട്ടുണ്ട്. 50,000 കോടി രൂപ കിഫ്ബിയിലൂടെ സമാഹരിച്ചുകൊണ്ട് കേരളത്തിന്റെ സമസ്ത മേഖലകളെയും പുനരുജ്ജീവിപ്പിക്കുന്നതിനും ആഗോളവൽക്കരണ സാമ്പത്തിക നയത്തിലൂടെയും നോട്ട് പിൻവലിക്കൽ നടപടിയിലൂടെയും കേരളം നേരിട്ട സാമ്പത്തിക മാന്ദ്യത്തെയും വികസന മുരടിപ്പിനേയും പ്രതിരോധിക്കുന്നതിനും ഫലപ്രദമായ നടപടികളാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്ക വിഭാഗങ്ങൾക്കും അശരണർക്കുമാണ് ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തിയിരിക്കുന്നത്. സാമൂഹ്യക്ഷേമ പെൻഷൻ, പൊതുവിദ്യാഭ്യാസ സംരക്ഷണം, ആശുപത്രികളുടെ വികസനം, വിലക്കയറ്റം തടയൽ, മത്സ്യത്തൊഴിലാളി പുനരധിവാസം, കൃഷി, പൊതുമരാമത്ത്, കെ.എസ്.ആർ.ടി.സി. എന്നിവയ്ക്കും ആർദ്രം, കാരുണ്യ, സ്ത്രീസംരക്ഷണം എന്നീ പദ്ധതികൾക്കും ആവശ്യമായ തുക വകയിരുത്തിയിരിക്കുന്നത് അഭിനന്ദനാർഹമാണ്. ജീവിതശൈലീ

രോഗങ്ങൾക്ക് സൗജന്യമായി മരുന്ന് വിതരണം ചെയ്യുമെന്ന പ്രഖ്യാപനം ശ്ലാഘനീയമാണ്. ബഡ്ജറ്റിൽ സ്വീകരിച്ചിരിക്കുന്ന നയങ്ങളിലൂടെ കേരളം അഭൂതപൂർവ്വമായ പുരോഗതിയിലെത്തുമെന്ന കാര്യത്തിൽ സംശയമില്ല. കാർഷിക രംഗത്തെ പുരോഗതിയും വരൾച്ചയെ പ്രതിരോധിക്കുന്നതിനുള്ള നടപടികളും ആരോഗ്യ രംഗത്തെ പ്രവർത്തനവും പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണവും എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. കേരളത്തിന്റെ പൊതുതാൽപ്പര്യവും മതസൗഹാർദ്ദവും സംരക്ഷിക്കുന്നതിനായി ഒന്നിച്ച് നിൽക്കാൻ പ്രതിപക്ഷം തയ്യാറാകണം.

<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u>: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എല്ലായിടത്തും ഭരണ സ്തംഭനമാണ്. പദ്ധതി അടങ്കലിന്റെ 50 ശതമാനം തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുപോലും ചെലവഴിക്കാൻ സാധിക്കുന്നില്ല. കഴിഞ്ഞ ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച പദ്ധതികളൊന്നുംതന്നെ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. കിഫ്ബിയിൽ പ്രവാസികളുടെ ഫണ്ടുപയോഗിച്ച് ചിട്ടി നടത്തി പണം കൊണ്ടുവരുമെന്നും വൻകിട സമ്പന്നർ പണം നിക്ഷേപിക്കുമെന്നൊക്കെ

പറയുന്നതിനോട് യോജിക്കാൻ കഴിയില്ല. മുഖ്യമന്ത്രിയടക്കമുള്ള നേതാക്കളുടെ ഫോണുകൾ ചോർത്തുന്നത് സംബന്ധിച്ച് ആക്ഷേപമുണ്ടായെങ്കിലും യാതൊരു അന്വേഷണവും നടക്കുന്നില്ല. കേരളം ഒൻപതുമാസം കൊണ്ട് പീഡനങ്ങളുടെയും ക്രിമിനലുകളുടെയും നാടായി മാറിയിരിക്കുകയാണ്. പീഡന മരണങ്ങളെ ആത്മഹത്യയാക്കാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. സഭയിൽ പ്രതിപക്ഷത്തിന് സാമൂഹ്യനീതി ഉറപ്പാക്കണം.

<u>ശ്രീ. ഇ. കെ. വിജയൻ</u>: വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുന്നു. ജനജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. മാൻഹോളുകളുടെയും സെപ്റ്റിക് ടാങ്കുകളുടെയും ശുചീകരണം യന്ത്രവൽക്കരിക്കുമെന്നുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. കയർ, കശുവണ്ടി, മത്സ്യത്തൊഴിലാളി, കൈത്തറി മേഖലകളെ പുനരുദ്ധരിക്കാൻ ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുണ്ട്. കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനായി സ്കൂൾ യൂണിഫോമിന് ആവശ്യമായ തുണി കൈത്തറി സംഘങ്ങളിൽനിന്നും വാങ്ങാനുള്ള സ്കീം ഈ വർഷത്തോടെ പൂർണ്ണതയിലെത്തിക്കുന്നതിനുള്ള നിലപാടുകളാണ് സ്വീകരിച്ച

കൊണ്ടിരിക്കുന്നത്. കയർ സഹകരണ സംഘങ്ങൾക്ക് 90 ശതമാനവും സ്വയംസഹായസംഘങ്ങൾക്ക് 75 ശതമാനവും സ്വകാര്യ വ്യക്തികൾക്ക് 50 ശതമാനവും സബ്സിഡിയിൽ ഡീഫൈബറിംഗ് യന്ത്രങ്ങൾ ലഭ്യമാക്കുന്നതിനും 100 ചകിരി മില്ലുകൾ ആരംഭിക്കുന്നതിനും മറ്റ് വിവിധങ്ങളായ പരിപാടികൾക്കുമായി ആകെ 228 കോടി രൂപയാണ് കയർ മേഖലയ്ക്കായി ഈ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. കൈത്തറി മേഖലയിലെ റിബേറ്റ് കുടിശ്ശിക കൊടുത്തുതീർക്കുമെന്ന പ്രഖ്യാപനവും ബഡ്ജറ്റിലുണ്ട്. കൂടാതെ, അഞ്ചുവർഷംകൊണ്ട് എല്ലാവർക്കും വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനും നിലവിലുള്ള ആശുപത്രികളെ ജനപ്രിയ ആശുപത്രികളാക്കി മാറ്റുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. എം. മാണി</u> : ചില തിരുത്തലുകൾക്ക് വിധേയമായി വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുന്നു. റബ്ബറിന്റെയും ലാറ്റക്സിന്റെയും മിനിമം വില 200 രൂപയായി ഉയർത്തുന്നതിനും സാമൂഹ്യക്ഷേമ പെൻഷനുകളുടെയും കർഷക പെൻഷന്റെയും കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും നടപടി സ്വീകരിക്കണം. ലോകത്തിനുതന്നെ മാതൃകയായ കാരുണ്യ ചികിത്സാ പദ്ധതി തുടർന്നും നടപ്പാക്കണം. നോട്ട് പിൻവലിച്ചതിന്റെ ഫലമായുണ്ടായ സാഹചര്യം

നേരിടുന്നതിനാവശ്യമായ കർമ്മ പദ്ധതി ആവിഷ്കരിക്കണം. പഴയ സ്വർണ്ണം വാങ്ങുന്ന സ്വർണ്ണ വ്യാപാരികൾക്കുമേൽ ചുമത്തിയിരിക്കുന്ന നികുതി നിരക്കിൽ അശാസ്ത്രീയതയുണ്ടെങ്കിൽ ആവശ്യമായ തിരുത്തലുകൾ വരുത്തണം. കിഫ്ബി ബോർഡ് പുന:സംഘടിപ്പിച്ചുകൊണ്ടുള്ള ഗസറ്റ് വിജ്ഞാപനമിറക്കാതെ പദ്ധതികൾ പാസ്സാക്കിയതും കിഫ്ബിയുടെ പരിധിയിൽ വരാത്ത പല പദ്ധതികൾക്കും തുക അനുവദിച്ചതും നിയമം ഭേദഗതി ചെയ്യുന്നതിനുമുമ്പ് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതും ഗുരുതരമായ വീഴ്ച്ചയാണ്. കിഫ്ബിയുടെ പ്രവർത്തനത്തിനാവശ്യമായ പണം കണ്ടെത്തുന്നതിനായി കേന്ദ്ര സർക്കാരിന്റെയോ ആർ.ബി.ഐ.യുടെയോ അനുമതിയില്ലാതെയും കേന്ദ്ര ചിട്ടി നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടും പ്രവാസി മലയാളികളെ ഉൾപ്പെടുത്തി ചിട്ടി ആരംഭിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

ശ്രീ. കാരാട്ട് റസാഖ് : വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുന്നു. ഭാവി കേരളം സുന്ദരവും സമാധാനപൂർണ്ണവുമാക്കുന്നതിനുള്ള നിർദ്ദേശങ്ങളും പ്രഖ്യാപനങ്ങളുമാണ് ബഡ്ജറ്റിലുള്ളത്. സാധാരണ ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. എല്ലാവർക്കും വീട് നൽകുന്നതിനും ആരോഗ്യ, വിദ്യാഭ്യാസ, ശുചിത്വ

മേഖലകളിൽ മുന്നേറ്റമുണ്ടാക്കുന്നതിനുതകുന്ന പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. കേരളത്തിന്റെ സാമൂഹ്യ ജീവിതത്തിന് ഒരു പുതിയ മുഖം നൽകാനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് നവകേരള മിഷൻ പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നത്. കാർഷിക മേഖലയ്ക്ക് 2106 കോടി രൂപ വകയിരുത്തിയ സർക്കാർ അടിസ്ഥാന വർഗ്ഗത്തോടുള്ള പ്രതിബദ്ധത ഒന്നുകൂടി തെളിയിച്ചിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി ഉൾപ്പെടെയുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും നിശ്ചിത കാലയളവിനുള്ളിൽ ലാഭത്തിലാക്കാൻ ബഡ്ജറ്റ് ലക്ഷ്യമിടുന്നുണ്ട്. മാലിന്യനീക്കം യന്ത്രവത്ക്കരിക്കാൻ 10 കോടി രൂപ വകയിരുത്തിയതിനുപുറമേ തോട്ടിപ്പണിയെ മാന്യതയുള്ള തൊഴിലാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. പ്രത്യേക വനിതാ വകുപ്പ് രൂപീകരിക്കാൻ നിർദ്ദേശിച്ചിട്ടുള്ള ബഡ്ജറ്റിൽ സ്ത്രീശാക്തീകരണത്തിന് ഊന്നൽ നൽകുന്ന വിവിധ പദ്ധതികൾക്കായി പദ്ധതി ചെലവിന്റെ 11.5% നീക്കിവച്ചിരിക്കുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായി ലഭിക്കേണ്ടതിനെക്കാൾ കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കേരളം പരസ്യ വെളിയിട വിസർജ്ജന മുക്ത സംസ്ഥാനമായി മാറുകയാണ്. സംസ്ഥാനം അഭിമുഖീകരിക്കുന്ന വരൾച്ച

നേരിടുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കണം. സാംസ്കാരിക നായകരെപ്പോലും വെറുതെ വിടാത്ത വർഗ്ഗീയ ഫാസിസത്തിനെതിരെ പ്രതികരിക്കാൻ യു.ഡി.എഫ്. തയാറാകണം. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെയാണ് വൻ വികസന പദ്ധതികൾ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്.

ശ്രീ. പി. കെ. ബഷീർ: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. കിഫ്ബി മുഖാന്തിരം നടപ്പാക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് യാതൊരു നടപടിയും സർക്കാർ സ്വീകരിച്ചില്ല. പദ്ധതി തുകയുടെ അമ്പത് ശതമാനംപോലും ചെലവാക്കാൻ കഴിയാത്ത സാഹചര്യത്തിൽ അടങ്കൽ തുക ഉയർത്തുന്നതുകൊണ്ട് കാര്യമില്ല. സ്വർണ്ണത്തിന് പർച്ചേസ് ടാക്സ് ഏർപ്പെടുത്തിയ നടപടി പിൻവലിക്കണം. ഭരണ സംവിധാനം കാര്യക്ഷമമാക്കുന്നതിൽ ഈ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. വൻകിട പദ്ധതികൾക്കായി സ്ഥലമേറ്റെടുക്കുന്ന കാര്യത്തിൽപോലും ഉത്തരവാദിത്വമേറ്റെടുക്കാൻ ഉന്നത ഉദ്യോഗസ്ഥർ തയ്യാറാകുന്നില്ല. ഭരണപക്ഷത്തുള്ള പ്രധാന കക്ഷിതന്നെ സർക്കാരിനെ വിമർശിക്കുന്ന സാഹചര്യമാണ് സംസ്ഥാനത്ത് നിലവിലുള്ളത്. വിവരാവകാശ

നിയമത്തിനെതിരെ ഹൈക്കോടതിയെ സമീപിച്ച സർക്കാർ നിലപാട് അപമാനകരമാണ്. നിസ്സാര കാര്യത്തിന്റെ പേരിൽ സർക്കാർ ഡയറി വീണ്ടും അച്ചടിച്ച് ലക്ഷക്കണക്കിന് രൂപ പാഴാക്കിയ നടപടി നിരുത്തരവാദപരമാണ്.

ശ്രീ. ഐ. ബി. സതീഷ്: വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുന്നു. നോട്ട് റദ്ദാക്കൽ സൃഷ്ടിച്ച ആശങ്കകൾക്കും സാമ്പത്തിക മുരടിപ്പിനുമിടയിലും മികച്ച ബഡ്ജറ്റ് അവതരിപ്പിക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി പ്രതിപക്ഷാംഗങ്ങൾക്ക് യാതൊരു ആക്ഷേപത്തിനും ഇട നൽകാതെയാണ് വികസന പദ്ധതികൾ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്. സർവ്വകക്ഷി സംഘത്തിന് അനുമതി നിഷേധിച്ച നടപടി ഫെഡറലിസത്തോടുള്ള വെല്ലുവിളിയാണ്. ഫാസിസത്തെ പ്രതിരോധിച്ചുകൊണ്ട് രാഷ്ട്രീയവും ഭരണപരവുമായ ഇരട്ട ഉത്തരവാദിത്തമാണ് ഇടതുപക്ഷ സർക്കാർ നിർവ്വഹിക്കുന്നത്. നവകേരളം സൃഷ്ടിക്കുന്നതിനുള്ള കാഴ്ചപ്പാടോടുകൂടിയ ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. പുതിയ സാമ്പത്തിക സാഹചര്യത്തിൽ ബഡ്ജറ്റിതര സ്രോതസ്സുകൾ പ്രയോജനപ്പെടുത്തിയാൽ മാത്രമേ വികസനം കൊണ്ടുവരാൻ സാധ്യമാകൂ.

കിഫ്ബി-യിലേയ്ക്കുള്ള ധനാഗമ മാർഗ്ഗങ്ങളെക്കുറിച്ചും തിരിച്ചടവിനെക്കുറിച്ചുമുള്ള ആശങ്ക ദൂരീകരിക്കണം. നിയമസഭ പാസ്സാക്കുന്ന ബഡ്ജറ്റിലെ പ്ലാൻ ഫണ്ടിനെ നിസ്സാരവത്കരിക്കുന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. എസ്.സി/എസ്.ടി. വിഭാഗത്തിന് ഫണ്ട് മാറ്റിവയ്ക്കുന്നതിനെക്കുറിച്ച് കിഫ്ബിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ഗ്രീൻ ക്ലൈമറ്റ് ഫണ്ടിൽനിന്നും തുക നേടിയെടുക്കുന്നതിന് ഫിഷറീസ് വകുപ്പിൽ നിന്നല്ലാതെ മറ്റ് വകുപ്പുകളിൽനിന്നും പ്രോജക്ടുകൾ സമർപ്പിച്ചിട്ടില്ല. പി.എം.കെ.എസ്.വൈ. സ്കീമിൽനിന്നും ഫണ്ട് ലഭ്യമാക്കുന്നതിനായി ജില്ലാ-സ്റ്റേറ്റ് ഇറിഗേഷൻ പ്ലാൻ സമർപ്പിച്ച് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ വിവിധ സ്കീമുകളിൽനിന്നും ലഭിക്കാവുന്ന പരമാവധി ആനുകൂല്യങ്ങൾ നേടിയെടുക്കാനുള്ള ശ്രമം നടത്തണം. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കണം. സിവിൽ സർവ്വീസിനെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് ഭരണം കാര്യക്ഷമമാക്കുന്നതിന് ശ്രമിക്കേണ്ടതാണ്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റ് ജീവനക്കാർ ഉന്നയിക്കുന്ന വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കേണ്ടതാണ്. മുൻ ഗവൺമെന്റ് ആരംഭിച്ചതുപോലെയുള്ള വൻകിട വികസന പദ്ധതികളും പുതിയ റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതിനും

നടപടി സ്വീകരിക്കണം. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ സമൂഹത്തിന്റെ ഉത്തരവാദിത്വമാണെന്ന സന്ദേശം ജനങ്ങളിലെത്തിക്കുന്നതിനും കലാലയങ്ങളിലെ അച്ചടക്കരാഹിത്യവും അക്രമവും പരിഹരിക്കുന്നതിനും ഗവൺമെന്റ് മുൻകയ്യെടുക്കണം. സ്വർണ്ണത്തിന്മേൽ ഏർപ്പെടുത്തിയ നികുതിയുമായി ബന്ധപ്പെട്ട വിഷയത്തിൽ ന്യായമായ തീരുമാനമെടുക്കേണ്ടതാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): വരുന്ന അഞ്ച് വർഷംകൊണ്ട് ഇടതുപക്ഷ മുന്നണിയുടെ മാനിഫെസ്റ്റോ നടപ്പാക്കുന്നതിനുള്ള അടിത്തറയിട്ടുവെന്ന ആത്മവിശ്വാസം ഗവൺമെന്റിനുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷന്റെയും കർഷകത്തൊഴിലാളി പെൻഷന്റെയും കുടിശ്ശിക ഉടനടി വിതരണം ചെയ്യുന്നതാണ്. ബേസിക് ഇൻകം സപ്പോർട്ട് സ്കീം പ്രകാരം രാജ്യത്തെ ബി.പി.എൽ. വിഭാഗക്കാർക്ക് കേന്ദ്ര ഗവൺമെന്റ് നൽകുമെന്ന് പ്രഖ്യാപിച്ചതിന്റെ മൂന്നിരട്ടിയിലേറെ തുക സംസ്ഥാന ഗവൺമെന്റ് നിലവിൽ വിതരണം ചെയ്യുന്നുണ്ട്. കയർ സംഭരണം വർദ്ധിപ്പിക്കുന്നതിനായി ബഡ്ജറ്റിൽ 77 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കൈത്തറി മേഖലയുടെ പുനരുദ്ധാരണം ലക്ഷ്യമിട്ട് ഹൈസ്കൂൾ ക്ലാസ് വരെയുള്ള

പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ യൂണിഫോമിനായി കൈത്തറി തുണിത്തരങ്ങൾ വിതരണം ചെയ്യുന്നതാണ്. സ്വകാര്യ മേഖലയിലുൾപ്പെടെയുള്ള കശുവണ്ടി ഫാക്ടറികളുടെ പുനരുദ്ധാരണത്തിനും കശുവണ്ടി സംഭരണത്തിനും ഗവൺമെന്റ് ഊന്നൽ നൽകുന്നുണ്ട്. സംസ്ഥാനം വെളിയിട മാലിന്യ വിസർജ്യ മുക്തമാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പരീക്ഷണാടിസ്ഥാനത്തിൽ പ്ലാസ്റ്റിക് മാലിന്യമുപയോഗിച്ച് നിർമ്മിച്ച തിരുവല്ല-അമ്പലപ്പുഴ റോഡ് വിജയകരമായാൽ പദ്ധതി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതാണ്. കുളങ്ങൾ, തോടുകൾ, നീർച്ചാലുകൾ എന്നിവയുടെ പുനരുദ്ധാരണം തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തി ജലസംരക്ഷണത്തിന് ആവശ്യമായ നടപടി സ്വീകരിക്കുകയാണ്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ഉപയോഗപ്പെടുത്തി ജീവിതശൈലീ രോഗങ്ങൾക്കുള്ള പ്രതിരോധ പ്രവർത്തനങ്ങളാണ് ആർദ്രം മിഷനിലൂടെ ലക്ഷ്യമിടുന്നത്. ഈ പദ്ധതി പ്രാവർത്തികമാകുന്നതോടുകൂടി ഇത്തരം രോഗങ്ങൾക്ക് സൗജന്യ ചികിത്സ നൽകാനുള്ള സൗകര്യമുണ്ടാകുന്നതാണ്. ഇതിനായി 6000 തസ്തികകൾ സൃഷ്ടിക്കും. ആശുപത്രികളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 4000 കോടി രൂപയാണ് മാറ്റിവച്ചിട്ടുള്ളത്. എല്ലാ താലൂക്ക്, ജില്ലാ ആശുപത്രികളിലും

കാത്ത്ലാബ് സൗകര്യമൊരുക്കിയിട്ടുണ്ട്. 'സുകൃതം' പദ്ധതിക്കുള്ള മരുന്ന് വിതരണത്തിനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് 350 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ വീണ്ടും പണം നൽകുന്നതാണ്. ഈ ഗവൺമെന്റ് 'സുകൃതം' പദ്ധതി നിർത്തലാക്കിയിട്ടില്ല. ജനങ്ങൾക്ക് സമ്പൂർണ്ണ ആരോഗ്യ പദ്ധതി ഉറപ്പുവരുത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്. വിദ്യാഭ്യാസ മേഖലയിൽ സർക്കാർ സ്കൂളുകളെ അന്തർദേശീയ നിലവാരത്തിൽ ഉയർത്തുന്ന നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. സർക്കാർ സ്കൂളുകളിലെ വിദ്യാഭ്യാസം മെച്ചപ്പെടുത്തിക്കൊണ്ട് അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ എണ്ണം കുറയ്ക്കാൻ പറ്റുമോയെന്ന് ആലോചിക്കുന്നതാണ്. ആസ്തി വികസന ഫണ്ട് സൊസൈറ്റികൾക്കോ സ്വകാര്യ സ്ഥാപനങ്ങൾക്കോ നൽകാൻ ഉദ്ദേശിക്കുന്നില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : കേരളത്തിലെ 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന്റെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചു കഴിഞ്ഞു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. എയ്ഡഡ് സ്കൂളുകളെ പൂർണ്ണമായി ഒഴിവാക്കിയുള്ള വിദ്യാഭ്യാസ പരിഷ്കരണവും വിദ്യാഭ്യാസ സംരക്ഷണവും പ്രായോഗികമല്ല. ജനപങ്കാളിത്തത്തോടെ അത്തരം സ്കൂളുകളെ

മെച്ചപ്പെടുത്തുന്നതിന് സർക്കാരിന് കഴിയും. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയിൽ സർക്കാർ സ്കൂളുകളും എയ്ഡഡ് സ്കൂളുകളും ഉൾപ്പെട്ടിട്ടുണ്ട്.

ഡോ. ടി. എം. തോമസ് ഐസക് : എയ്ഡഡ് സ്കൂളുകൾക്കടക്കം പങ്കെടുക്കാവുന്ന ചലഞ്ച് ഫണ്ട് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ കൂടുതൽ മുതൽ മുടക്കാൻ ശ്രദ്ധിക്കും. ഈ ധനകാര്യ വർഷം അവസാനിക്കുന്നതിനുമുമ്പ് 14,000 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്ക് കിഫ്ബി അംഗീകാരം നൽകും. നിർമ്മാണ പ്രവൃത്തികൾക്കുള്ള ബിൽ ലഭിക്കുമ്പോൾത്തന്നെ പണം ഓൺലൈനായി നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഈ വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 50000 കോടി രൂപയുടെ പദ്ധതികൾ 2021-നുള്ളിൽ പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. 50000 കോടി രൂപയുടെ വായ്പ റിസർവ് ബാങ്ക് വ്യവസ്ഥകൾക്കനുസൃതമായാണ് എടുത്തിട്ടുള്ളത്. ബോണ്ട് ഇറക്കുന്നതിന് നിയമവ്യവസ്ഥയുള്ളതിനാൽ സാഹചര്യങ്ങൾ മനസ്സിലാക്കി വിഭവ സമാഹരണം നടത്താൻ ശ്രമിക്കുന്നതും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിനിയോഗം പരിശോധിക്കുന്നതുമാണ്. പ്ലാൻ എക്സ്പെന്റീച്ചർ 80

ശതമാനത്തിന് മുകളിൽ പോകുമെന്നുള്ള കണക്ക് റിവൈസ്ഡ് എസ്റ്റിമേറ്റിൽ കാണിച്ചിട്ടുണ്ട്. ഈ പണം മാർച്ച് 31-ന് മുമ്പ് ചെലവഴിച്ചുതീർക്കാൻ ശ്രമിക്കരുത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പണം ലാപ്സാകാതെ ക്യാരി ഓവർ ചെയ്യുകയും സർക്കാർ ഡിപ്പാർട്ടുമെന്റുകളിലെ പണം ഭരണാനുമതി നൽകിയിട്ടുള്ളതാണെങ്കിൽ ഇലക്ട്രോണിക് ലെഡ്ജറിൽ രേഖപ്പെടുത്തുകയും ചെയ്യാമെന്നതിനാൽ അവ സുരക്ഷിതമാണ്. കേരളത്തിലെ എല്ലാ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും കോസ്മോപൊളിറ്റൻ ഹോസ്പിറ്റലുകളും പ്രീമെട്രിക് ഹോസ്റ്റലുകളും നവീകരിക്കാൻ മുൻകാലങ്ങളിലുള്ളതിനേക്കാൾ തുക നീക്കിവച്ചിട്ടുണ്ട്. വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കണമെന്ന പ്രമേയം 38-നെതിരെ 84 വോട്ടുകളോടെയും 5 നിഷ്പക്ഷ വോട്ടുകളോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## IX അറിയിപ്പ്

### ശില്പശാല

മി. സ്പീക്കർ: നിയമസഭയുടെ പാർലമെന്ററി പഠന പരിശീലന കേന്ദ്രത്തിന്റെയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ ഇന്ന് സഭാ സമ്മേളനത്തിനുശേഷം "ദുരന്ത നിവാരണ നിയമവും പ്രാദേശിക പ്രശ്നങ്ങളും" എന്ന വിഷയം സംബന്ധിച്ച് നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ലോഞ്ചിൽ നടക്കുന്ന ശിൽപശാലയിൽ എല്ലാ അംഗങ്ങളും പങ്കെടുക്കണം.

(സഭ വൈകുന്നേരം 3.48-ന് പിരിഞ്ഞു.)